**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *534** **19.05.2017- ൽ മറുപടിക്ക്**

**വേതന സുരക്ഷാ പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.റോജി എം. ജോൺ<br>,, ഹൈബി ഈഡൻ<br>,, വി.ഡി.സതീശൻ<br>,, അനൂപ് ജേക്കബ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) തൊഴിലാളികൾക്കായി മുൻ സർക്കാർ നടത്തിയ വേതന സുരക്ഷാ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വേതനസുരക്ഷാ പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചിട്ടുണ്ട്. പദ്ധതി വഴി നാളിതുവരെ 4567 സ്ഥാപനങ്ങളിൽ നിന്നും 99237 തൊഴിലാളികൾക്ക് 515 കോടി രൂപയോളം വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത പദ്ധതി നടത്തിവരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്, ടെക്സ്റ്റൈൽ ഷോപ്പുകൾ, ജ്വവലറികൾ, സ്വകാര്യ ആശുപത്രികൾ, ഐ.ടി. മേഖല, സെൽഫ് ഫിനാൻസിംഗ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്, നിർമ്മാണ മേഖല എന്നീ മേഖലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ മേഖലകളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ വേതനം എല്ലാമാസവും നിർദ്ദിഷ്ട തീയതിയിൽ അവരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടിലേക്ക് ഉടമ ക്രെഡിറ്റ് ചെയ്യുന്നു. ടി വേതനവിതരണം തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഇൻസ്പെക്ടർക്ക് ഓൺലൈനായി നിരീക്ഷിക്കുന്നതിന് സാധിക്കുന്നതാണ്. അതുവഴി വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും സാധിക്കും. |
| (സി) പദ്ധതി നടത്തിപ്പിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിവരിക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വേതന സുരക്ഷാ പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചിട്ടുണ്ട്. വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും തൊഴിലുടമ പ്രതിനിധികളുടെ മീറ്റിംഗുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ബാങ്ക് പ്രതിനിധികളുമായും മീറ്റിംഗുകൾ നടത്തുന്നു. |

സെക്ഷൻ ഓഫീസർ